Madhyamam 24.12.17

# കാർഷിക ഗവേഷണകേന്ദ്രം ശതാബ്ദി ആഘോഷം സമാപിച്ചു

**മണ്ണുത്തി:** ഉൽപാദന വർധനവിൽ അധിഷ്ഠിതമായ കാർഷിക വികസനത്തിന് യന്ത്രവത്കരണ സംവിധാനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുമെന്ന് കൃഷി മന്ത്രി വി.എസ്. സുനിൽ കുമാർ. മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രം ശതാബ്ദി ആഘോഷ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാർഷിക സർവകലാശാല, സംസ്ഥാന കാർഷിക എൻജിനീയറിങ് വകുപ്പ്, അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, അഗ്രോ മെഷിനറി കോർപറേഷൻ എന്നീ ഏജൻസികളെ സംയോജിപ്പിച്ചുള്ള സംവിധാനം ഉടൻ നിലവിൽ വരും. ഭക്ഷ്യ സുരക്ഷാ സേനക്കും അഗ്രോ സർവിസ് സെൻററുകൾക്കും തുടക്കമിട്ട മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രം ആസ്ഥാനമാക്കിയാണ് പുതിയ സംവിധാനം. ഇതിനായി ഡോ.യു. ജയകുമാറിനെ സ്പെഷൽ ഓഫിസറായി നിയമിച്ചുവെന്നും മന്ത്രി പറഞ്ഞു.

കാർഷിക ഗവേഷണ കേന്ദ്രത്തിലെ മുൻ മേധാവികളെയും ജീവനക്കാരെയും തൊഴിലാളികളെയും മന്ത്രി ആദരിച്ചു. കെ. രാജൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. സി.എൻ. ജയദേവൻ എം.പി ശതാബ്ദി കവാട ശിലാഫലകം അനാഛാദനം ചെയ്തു. വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനോദ്ഘാടനവും ഡോക്യുമെൻററി പ്രകാശനവും നടന്നു.

കോർപറേഷൻ കൗൺസിലർ എ.എസ്. രാമദാസൻ, സർവകലാശാലാ രജിസ്ട്രാർ ഡോ.എസ്. ലീനാകുമാരി, പി. ഇന്ദിരാദേവി, ജിജു പി. അലക്സ്, വി.ആർ. രാമചന്ദ്രൻ, ബി. സുമ, എസ്. എസ്റ്റലീറ്റ, പി.കെ. ശ്രീകുമാർ, ടി. പ്രദീപ് കുമാർ, കെ.കെ. സത്യൻ, സക്കീർ ഹുസൈൻ, ബിബിൻ ചാക്കോ, എ. ലത, എം.സി. നാരായണൻകുട്ടി, സി. നാരായണൻ കുട്ടി തുടങ്ങിയവർ പങ്കെടുത്തു.